# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 07-11-2016 ൽ മറുപടിയ്ക്ക്
ചോദ്യം നമ്പർ : **6234**

### അതിവേഗ കപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തിരുവനന്തപുരം - കൊച്ചി - കോഴിക്കോട് എന്നീ നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കോസ്റ്റൽ ഷിപ്പിംഗ് പ്രൊമോഷന്റെ ഭാഗമായി തീരദേശ യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ആദ്യമായി കൊച്ചി - കോഴിക്കോട് മേഖലയിലും പിന്നീട് ഇത് കൊച്ചി-തിരുവനന്തപുരം മേഖലയിലും വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത സർവ്വീസിന്റെ ഒരു പോർട്ട് വൈപ്പിൻ മണ്ഡലത്തിലെ മുനമ്പത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി യാത്രാക്കപ്പൽ സർവ്വീസ് കൊച്ചി തുറമുഖത്ത് അടുക്കുന്നതിനാൽ മുനമ്പം തുറമുഖത്തുകൂടി അടുക്കുന്നത് യാത്രാസമയം വർദ്ധിപ്പിക്കും എന്നതിനാൽ പ്രായോഗികമല്ല. |
| (സി) മുനമ്പത്തെ പുലിമുട്ടിന് സമീപം കപ്പൽ അടുപ്പിക്കുന്നതിന് അനുയോജ്യമായ ആഴമുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) മുനമ്പത്തെ പുലിമുട്ടിന് സമീപം കപ്പൽ അടുപ്പിക്കുവാൻ ആഴമുണ്ടെങ്കിലും വാർഫിന്റെ സൗകര്യമില്ല. മുനമ്പം / കൊടുങ്ങല്ലൂർ തുറമുഖത്ത് വാർഫ് ഉൾപ്പെടെ 46 കോടി ചെലവ് പ്രതീക്ഷിക്കുന്ന വികസനപദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**